എച്ച്. ഡി. സി. കണ്ടൻസ്ഡ് കോഴ്സ് പാസായ ട്രെയിനികൾ

879 [1354] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടിൽ നകുമോ:

(എ) കേരളത്തിൽ ഏതെല്ലാം ജില്ലകളിൽനിന്നും ഏതെല്ലാം സ്ഥാപനങ്ങളിൽനിന്നും നാഷണൽ കൗൺസിൽ മേഫാർ കോ-ഓപ്പറേറീവ് ട്രെയിനിംഗ് നടത്തി വരുന്ന എച്ച്. ഡി. സി. കണ്ടൻസ്ഡ് കോഴ്സിനു ട്രെയിനികളെ അയച്ചിട്ടുണ്ട്;

(ബി) 1977 മുതൽ അയച്ച ട്രെയിനികളുടെ പേരു വിവരങ്ങളും ഫലവും വ്യക്തമാക്കുമോ;

(സി) എച്ച്. ഡി. സി. കണ്ടൻസ്ഡ് കോഴ്സ് പാസായ ട്രെയിനികൾ സഹകരണ സ്ഥാപനങ്ങളിൽ ഉദ്യോഗം ലഭിക്കാൻ അംഗീകരിക്കപ്പെട്ടവരാണോ;

(ഡി) ശ്രീ. എ. ശേഷാദ്രി, കുളാർക്ക്, പി. ഡബ്ലിയു. സി. സി. എസ്. യു. ഡി പാലക്കാട് എച്ച്. ഡി. സി. കണ്ടൻസ്ഡ് കോഴ്സ് പാസായിട്ടുണ്ടോ?

(ഇ) ഉണ്ടെങ്കിൽ പാലക്കാട് സെൻട്രൽ കോ-ഓപ്പറേറീവ് ബാങ്കിൽ ക്ലാർക്ക് ജോലിക്ക് അപേക്ഷിച്ചതു ബാങ്ക് അധികൃതർ കോഴ്സ് അംഗീകരിക്കാതെ ഹർജി റിജക്റ്റ് ചെയ്തതും ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എഫ്) ഇതേക്കുറിച്ച് ഗവൺമെൻറിന് സമർപ്പിച്ച പരാതിയിൻ മേൽ എന്തു നടപടി സ്വീകരിച്ചു;

(ജി) ശ്രീ. എ. ശേഷാദ്രിക്ക് എച്ച്. ഡി. സി. കണ്ടൻസ്ഡ് കോഴ്സ് പാസായതിനാൽ പാലക്കാട് സെൻട്രൽ കോ-ഓപ്പറേറീവ് ബാങ്കിൽ ക്ലാർക്ക് ജോലിക്ക യോഗ്യതയും അർഹതയും ഉണ്ടോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) സഹകരണ സംഘങ്ങളിലേക്കുള്ള പുതിയ ഉദ്യോഗ നിയമനത്തിന് അടിസ്ഥാന യോഗ്യതയായി ഈ കോഴ്സ് അംഗീകരിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) പരാതി ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

(ജി) നിലവിലുള്ള നിയമപ്രകാരം യോഗ്യതയില്ല.

LIBRARY ARCHIVES Kerala Legislative Assembly